**വെള്ളിയാഴ്ച ഖുതുബ**

**ഹസ്രത്ത് അമീറുൽ മുഅ്മിനീൻ മുഹ്യിദ്ദീൻ**

**മുനീർ അഹ്മദ് അസീം (അ)**

**17 ആഗസ്റ്റ് 2012**

**(28 റമദാൻ 1433 ഹിജ്രി)**

**FRIDAY SERMON**

**Hazrat Ameerul - Mumineen - Muhiyiddin**

**Munir Ahmad Azim (A)**

**17th August 2012**

**(28 Ramadan 1433 Hijiri)**

## (വെള്ളിയാഴ്ച ഖുതുബാ സംഗ്രഹം)

ലോകമെമ്പാടുമുള്ള മുസ്ലിംകളെ-വിശിഷ്യാ തന്റെ അനുയായികളെ സമാധാനാഭിവാദ്യങ്ങളാൽ സ്വാഗതം ചെയ്ത് ഹസ്രത്ത് മുഹ്യ്ദ്ദീൻ (അ) തശഹുദും, തഅവസും സൂറാ ഫാതിഹയും ഓതി ഇപ്രകാരം പറഞ്ഞു തുടങ്ങി :-

'ബിസ്മില്ലാഹി റഹ്മാനി-ർ-റഹീം : ഇന്നാ അൻസൽനാഹു ഫീ ലെയ്ലത്തുൽ ഖദ്ർ; വമാ അദ്റാഖ മാ ലെയ്ലത്തുൽ ഖദ്ർ, ലെയ്ലത്തുൽ ഖദ്രി ഖയ്റുൽ മിൻ അൽഫി ശഹ്ർ ; തനസലുൽ മലായ്ഖത്തു വർറൂഹും ഫീഹാ ബി ഇദ്നി റബ്ബിഹിം മിൻ കുല്ലി അംർ. സലാമുൻ ഹിയ ഹത്താമത്ലഉൽ ഫജ്ർ.(97:1-6) ''പരമകാരുണികനും, കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ സത്യമായും നാം ഇതിനെ (ഖുർആനെ) നിർണയരാവിൽ അവതരിപ്പിച്ചിരിക്കുന്നു. നിർണയ രാവ് എന്തെന്ന് നിനക്ക് എന്തറിയാം? നിർണയാരാവ് ആയിരം മാസത്തെക്കാൾ ഉത്തമമാകുന്നു. അതിൽ മലഖുകളും ആ പരിശുദ്ധാത്മാവും തങ്ങളുടെ നാഥന്റെ അനുമതിയോടെ സകല കല്പനകളുംകൊണ്ട് ഇറങ്ങുന്നതാണ്. അത് (തികച്ചും) സമാധാനമാകുന്നു. പ്രഭാത ദയം വരെ.

അൽ ഹുദുലില്ലാഹ്, സർവ്വശക്തനായ അല്ലാഹുവിന്റെ അനുഗ്രഹത്താൽ, കഴിഞ്ഞാഴ്ച (2012 ആ ഗസ്റ്റ് 17) ഞാൻ, ലെയ്ലത്തുൽ ഖദ്റിനെ കുറിച്ച് തുടങ്ങിയ പ്രഭാഷണത്തിന്റെ രണ്ടാംഭാഗമാണ് ഇന്ന് തുടരുന്നത്.

ഈ വിശിഷ്ടരാത്രിയെ കുറിച്ച്, ഹസ്രത്ത് ആയിഷ (റ) ഒരിക്കൽ തിരുമേനി (സ) യോട് ചോദിച്ച സംഭവം ഇങ്ങനെ റിപ്പോർട്ട് ചെയ്തിരിക്കുന്നു: ജീവിതത്തിൽ എന്നെങ്കിലും, ഈ അസാധാരണമായ ലെയ്ലത്തുൽ ഖദ്ർ അനുഭവിക്കുവാനിടയായാൽ എന്തു ദുആയാണ് താൻ ചെയ്യേണ്ടത് എന്ന ഹസ്രത്ത് ആയിഷ (റ)ന്റെ ചോദ്യത്തിന് തിരുനബി (സ) ഇങ്ങനെ ദുആ ചെയ്യാനായി ആവശ്യപ്പെട്ടു : അല്ലയോ അല്ലാഹ്! നീയാണ് പാപ പൊറുതി നല്കുന്നവൻ. പൊറുത്തു നല്കുവാൻ അധികമധികം ഇഷ്ടപ്പെടുന്നവനായ നീ എനിക്ക് പൊറുത്തു തരേണമേ.

തനസ്സലുൽ-മലാ-ഇക്കത്തു-വർ-റൂഹു ഫീഹാ ബി - ഇദ്നി - റബ്ബിഹിം - മിൻകുല്ലി അംർ: സലാമുൻ ഹിയ ഹത്താ മത്ലഇൽ ഫജ്ർ അതിൽ മലഖുകളും, ആ പരിപൂർണാത്മാവും തങ്ങളുടെ നാഥന്റെ അനുമതിയോടെ സകല കല്പനകളുംകൊണ്ട് ഇറങ്ങുന്നതാണ്. അത് (തികച്ചും) സമാധാനമാകുന്നു. പ്രഭാ തോദയം വരെ എന്ന ആയത്ത് നോക്കാം. ഈ ആയത്തിൽ മിൻ കുല്ലിഅംർ (എല്ലാ കാര്യത്തിലും) എന്ന വാക്യഭാഗത്തിന് മിക്ക ആളുകളും നല്കുന്ന വിശദീകണം ഇപ്രകാരമാണ്. വരും വർഷത്തേക്ക് വേണ്ട ഭരണ പരവും മറ്റെല്ലാ തരത്തിലുമുള്ള കാര്യങ്ങൾക്കുമുള്ള എല്ലാ തീരുമാനങ്ങളും എടുക്കുന്നത് ഈ രാത്രിയി ലാണ് എന്നാണ്. ഈ അനുമാനം ശരിയല്ല. ഇവിടെ ഉപയോഗിച്ചിരിക്കുന്ന കുൽ (എല്ലാ) എന്നപദം ഒരു ആപേക്ഷികമായ (തനിയെ നില്കാത്ത) പദമാണ്. അതിന് വ്യത്യസ്ത സാഹചര്യങ്ങളും, സന്ദർഭങ്ങളും അനു സരിച്ച് വിവിധങ്ങളായ അർത്ഥങ്ങളുണ്ട്. ആ പരാമർശ സാഹചര്യം അല്ലെങ്കിൽ സന്ദർഭം എന്താണോ ഉദ്ദേശി ച്ചിരിക്കുന്നത് ആ കാര്യത്തെ അല്ലെങ്കിൽ സംഗതിയെ മാത്രമേ അവിടെ ഉപയോഗിച്ചിരിക്കുന്ന കുൽ എന്ന പദം ഉൾക്കൊള്ളുന്നുള്ളൂ. ഉദാഹരണമായി പറഞ്ഞാൽ, ഒരു സൽക്കാരവേളയിൽ എല്ലാ ആളുകളും എത്തി യിട്ടുണ്ട് എന്നു പറഞ്ഞാൽ ഈ ലോകത്തിലെ എല്ലാ ആൾക്കാരും അവിടെ സന്നിഹിതരായിട്ടുണ്ട് എന്നല്ല അർത്ഥം, മറിച്ച് ക്ഷണിക്കപ്പെട്ട എല്ലാ ആൾക്കാരും എത്തിയിട്ടുണ്ട് എന്നത്രേ. അതുപോലെതന്നെയാണ് വി. ഖുർആനിലെ ഹൂദ് എന്ന അധ്യായത്തിൽ നൂഹ് നബി (അ) യ്ക്ക് താഴെ പറയുന്ന ആജ്ഞ നല്കപ്പെട്ടതിലും ഉദ്ദേശിക്കുന്ന്. ഞാൻ (അല്ലാഹു) പറഞ്ഞു: എല്ലാറ്റിൽ നിന്നുമുള്ള ഓരോ ജോടികളെ ഒപ്പംകൂട്ടുക. (സൂറ: ഹഹൂദ്) ഈ ആയത്ത് കൊണ്ട് ഈ ഭൂമിയിലുള്ള എല്ലാ ജീവജാലങ്ങളിൽ നിന്നും ഓ രോ ജോടി എടുക്കുക എന്നതല്ല, മറിച്ച് ഭാവിയിൽ തനിക്ക് ആവശ്യമായി വന്നേക്കാവുന്നവയിൽ നിന്നുമാത്രം ഓരോ ജോടി എടു ക്കുക എന്നതായിരുന്നു ഉദ്ദേശിച്ചത്. ചുരുക്കിപ്പറഞ്ഞാൽ മിൻകുല്ലി അംർ (എല്ലാക്കാര്യത്തിലും) എന്ന വാക്യ

ഭാഗം ഈ ലോകത്തിലെ എല്ലാ സംഗതികളെയും ഉദ്ദേശിക്കുന്നില്ല, മറിച്ച് വി. ഖുർആൻ അവതീർണ്ണമായ ആ പരിശുദ്ധരാവിന് അർഹതപ്പെട്ട ആത്മീയ അനുഗ്രഹങ്ങളും ഔദാര്യങ്ങളും മാത്രമേ ഉദ്ദേശിക്കപ്പെടുന്നുള്ളൂ.

അർ-റൂഹ് (ആത്മാവ്) എന്ന പദം, ആത്മീയജീവിതവുമായി തങ്ങളെത്തന്നെ കൂട്ടിയിണക്കുന്ന സന്മാർഗികളായ ആളുകളുടെ ഹൃദയങ്ങളിലേക്ക് അല്ലാഹുവിന്റെ വാക്കുകളുമായി ഇറങ്ങുന്ന മലഖുകളെയാണ് സൂചിപ്പിക്കുന്നത്. അതിനാലാണ് അവരെ റൂഹ് (ആത്മാവ്) എന്നു പറയുന്നത്. അതുപോലെ തന്നെ (സലാം) എന്ന പദം എല്ലാവിധ ഭയങ്ങളിൽ നിന്നും, ഉത്കണ്ഠകളിൽ നിന്നുമുള്ള വിടുതലിനെയും, സമാധനാനത്തെയും ഉദ്ദേശിക്കുന്നു. മറ്റൊരു തരത്തിൽ പറഞ്ഞാൽ, അന്നേ രാത്രിയിൽ അല്ലാഹുവിന്റെ അനുഗ്രഹമായും, ഔദാര്യമായും സംഭവിക്കുന്നതെല്ലാം തന്നെ മനുഷ്യന്, ശാരീരികവും, ആത്മീയവുമായ അനുഗ്രഹങ്ങൾ ലക്ഷ്യമാക്കി ഉണ്ടാകുന്നതാണ്. കഴിഞ്ഞ ഖുതുബയിൽ സൂചിപ്പിച്ചതുപോലെ ലെയ്‌ലത്തുൽ ഖദ്ർ രാവിൽ അവതീർണ്ണമായ വിശുദ്ധ ഖുർആന് കൂലങ്കഷമായി പഠിക്കുമ്പോൾ, നമുക്ക് അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം വ്യക്തമാകും, അതുൾക്കൊള്ളുന്നത് പരിപൂർണ്ണ സമാധാനത്തിന്റെ സന്ദേശവും, മനുഷ്യനെ പാപങ്ങളിൽ നിന്നും ദുർമാർഗ്ഗത്തിൽ നിന്നും സംരക്ഷിക്കുവാനുദ്ദേശിച്ചുകൊണ്ടുള്ള വസ്തുതകളും, ശാന്തിയും, സമാധാനവും കളിയാടുന്ന ഒരു ജീവിതം നേടിയെടുക്കുവാൻ മനുഷ്യനെ പര്യാപ്തനാക്കുവാൻ തക്കവിധമുള്ള പരീക്ഷണങ്ങളും തന്നെയെന്ന്.

ആയതിനാൽ, ഏതൊരും വ്യക്തി പ്രാർത്ഥനയിലൂടെയും, സത്പ്രവൃത്തികളിലേക്ക് അവനെ നയിക്കുന്ന രീതിയിലുള്ള സ്ഥിരചിത്തതയോടെയുള്ള പരിശ്രമങ്ങളിലൂടെയും ഈരാവിന്റെ പ്രയോജനം സ്വായത്തമാക്കുവാൻ ശ്രമിക്കുന്നവോ, അങ്ങനെയുള്ള വ്യക്തിക്കു അല്ലാഹുവിന്റെ സന്നിധിയൽ നിന്നുള്ള പാവന സന്ദേശവും ആത്മീയ അനുഗ്രഹ കടാക്ഷവുമായി മലഖുകൾ ഇറങ്ങുന്നതാണ്. ഈ അനുഗ്രഹത്തിന്റെ ശക്തി എത്രത്തോളമെന്നാൽ, ആ വ്യക്തിയുടെ മനസ് പാപവലയത്തിൽ നിന്നും മുക്തമാവുകയും, സമാധാനപൂരിതമായ ഒരാശ്രമത്തിൽ പ്രവേശിച്ചപോലെ ശാന്തമാവുകയും ചെയ്യും.

ഇത്തരുണത്തിൽ ഉയരുന്ന ചോദ്യം ഇതാണ്? എന്തുകൊണ്ട് മലഖുകൾ ദൈവഭക്തനായ ഒരാളിൽ മാത്രം ഇറങ്ങുന്നു.

ഇതിനുള്ളമറുപടി വിശുദ്ധഖുർആനിൽ എടുത്തുകാണിച്ചതുപോലെ അല്ലാഹുവിൽ നിന്നുള്ള പവിത്രമായ സന്ദേശവും, ആത്മീയ അനുഗ്രഹങ്ങളും അവന്റെ മലഖുകൾ വഴി, ഭക്തദാസന്മാരുടെ ഹൃദയങ്ങളിലേക്ക് മാത്രം പ്രവഹിക്കും എന്നതുതന്നെ.

പറയുക, ജിബ്‌രീൽ അല്ലാഹുവിന്റെ അനുമതി പ്രകാരം ഇതിനെ (ഖുർആനെ) അതിനുമുമ്പിലുള്ളതിനെ (ദൈവീകഗ്രന്ഥങ്ങളെ) സത്യപ്പെടുത്തുന്നതും സത്യവിശാസികൾക്ക് സന്മാർഗവും, സുവിശേഷവും നല്കുന്നതുമായ നിലയിൽ നിന്റെ ഹൃദയത്തിൽ അവതരിപ്പിച്ച കാരണത്താൽ ആരെങ്കിലും അദ്ദേഹത്തിന്റെ ശത്രുവാകുന്നുവെങ്കിൽ (അവർ ഓർത്തിരിക്കട്ടെ) ഏതൊരാൾ, അല്ലാഹുവിന്റെയും, അവന്റെ മലഖുകളുടെയും അവന്റെ ദൂതന്മാരുടേയും (വിശിഷ്യാ) ജിബ്‌രീലിന്റെയും മീഖായിലന്റെയും ശത്രുവാകുന്നുവോ - നിശ്ചയമായും അല്ലാഹു അത്തരം നിഷേധികളുടെ ശത്രുവാകുന്നു ( 2: 98, 99)

ഈ ആയത്ത് ചൂണ്ടിക്കാട്ടുന്നത് ഭക്തദാസരുടെ ഹൃദയങ്ങൾക്ക് മാത്രമാണ് അല്ലാഹുവിൽ നിന്നുള്ള ആത്മീയ കടാക്ഷവും, അതിന്റെ സന്ദേശവും ലഭിക്കുക എന്നതാണ്. അല്ലാഹു നേർമാർഗത്തിൽ ആക്കുവാൻ ഉദ്ദേശിച്ചവർ ആരാണോ, അവരുടെ ഹൃദയങ്ങളിലേക്ക് ഈ ആത്മീയ സന്ദേശം. മലഖുകൾ ആകുന്ന മാധ്യമത്തിലൂടെ അവൻ ലഭ്യമാക്കുന്നു. അതായത്, അല്ലാഹുവിൽ നിന്നുള്ള ആത്മീയ അനുഗ്രഹങ്ങൾക്കുനേരെ തങ്ങളുടെ ഹൃദയവാതിലുകൾ കൊട്ടിയടച്ച്, പൈശാചികശക്തികളുടെ പിത്തലാട്ടങ്ങൾക്കു മുമ്പിൽ തലകുമ്പിട്ടിരിക്കുന്ന ഒരുവനും മലഖുകൾ വഴിയുള്ള സന്ദേശം ലഭ്യമാകുന്നതല്ല. അവർ എത്ര തന്നെ കഠിനമായി പ്രയത്നിച്ചാലും ഒക്കെ വ്യഥാവിൽ ആയി മാറുകയേ ഉള്ളൂ.

ഹത്താ മത്‌ല-ഇൽ ഫജ്ർ (പ്രഭാതോദയം വരെ) എന്ന വാക്യഭാഗത്തിന്റെ വാച്യാർത്ഥം ആ മഹാരാത്രിയുടെ ആത്മീയാനുഗ്രഹങ്ങൾ പ്രഭാതോദയം വരെ നീണ്ടുനില്ക്കും എന്നതാണ്. എന്നാൽ ഇത് അഗാധതലത്തിലുള്ള മറ്റൊരു അർത്ഥം കൂടി നമുക്ക് നല്കുന്നുണ്ട്. ഈ രാത്രി അനുഭവിച്ചറിയുവാൻ സൗഭാഗ്യം ലഭിച്ച വ്യക്തിയുടെ ഹൃദയത്തിലേക്ക് ഒഴുകിയിറങ്ങുന്ന ശാന്തിയും, സമാധാനവും, ആത്മീയമായ അനുഗ്രഹങ്ങളും, ആ വ്യക്തിയിലെ തിന്മയുടെ അന്ധകാരം അലഞ്ഞില്ലാതാവുകയും, ആത്മീയ പ്രകാശം നിറഞ്ഞുതുളുമ്പുകയും ചെയ്യുന്നതു വരെ നീണ്ടുനില്ക്കും എന്നതത്രേ.

ലൈലത്തുൽ ഖദ്ർ എന്നത് റമദാനിലെ അവസാനപത്തിലെ ഒറ്റരാത്രികളിൽ വി. ഖുർആൻ അവതീർണ്ണമായ പവിത്രമായ ഒരു രാത്രിയാണ് എന്നാണ് പൊതുവിൽ അറിയപ്പെടുന്നത്. എന്നാൽ ഇതിന് ഇതു കൂടാതെ ആഴത്തിലുള്ള ഒരു പ്രാധാന്യവും ഉണ്ട്. ഇത് വി. ഖുർആൻ അവതരിപ്പിക്കപ്പെട്ട തിരുനബി (സ)

യുടെ നൂബൂവത്ത് കാലത്തെയും സൂചിതമാക്കുന്നു. കാരണം വി. ഖുർആൻ അവതീർണ്ണമായ ഈ കാലയളവ് വിശ്വാസമില്ലായ്മയുടെയും മാർഗ്ഗദർശനമില്ലായ്മയുടെയും അന്ധകാരത്തിൽ ആണ്ടുപോയിരുന്നു എന്നതുതന്നെ. ഈ രാത്രിയെ അൽഖദ്ർ (മഹോന്നതം) എന്നും വിളിക്കപ്പെടുന്നു. കാരണം ഈ രാത്രിയാണ്, മാനവസമൂഹത്തിന് ദൈവീക മാർഗ്ഗദർശനവുമായി അനിതരസാധാരണവും സ്വർഗ്ഗീയ ഗ്രന്ഥവുമായ വി. ഖുർആൻ അവതരിപ്പിക്കപ്പെട്ടതും, പുണ്യ പ്രവാചകനായ മുഹമ്മദ് നബി (സ)യെ അനുപമ മാർഗ്ഗദർശിയായി എഴുന്നേല്പിച്ചതും.

അതുകൊണ്ടുതന്നെ തിരുമേനി (സ)യുടെ കാലഘട്ടം ആയിരം മാസത്തെക്കാൾ പുണ്യമുള്ളതും, മറ്റേതു കാലഘട്ടത്തേക്കാൾ മഹനീയവുമാണെന്ന് നമുക്ക് നിസ്സംശയം പറയാം. വി. ഖുർആൻ തന്റെ ജീവിതവും, തന്റെ ജീവിതം വി. ഖുർആനും ആയിരുന്ന തിരുനബി (സ)യുടെ കാലഘട്ടത്തിന്റെ (ലൈലത്തുൽ ഖദ്ർ) മാഹാത്മ്യവും ആയി, അദ്ദേഹത്തിനു മുമ്പുണ്ടായിരുന്ന അല്ലാഹുവിന്റെ ദൂതന്മാരുടേയോ, അതിനുശേഷം, വന്നതും വരാവുന്നതുമായ ദൂതന്മാരുടേയോ കാലഘട്ടങ്ങളെ (ലൈലത്തുൽ ഖദ്ർ) താരതമ്യം ചെയ്യുവാൻ സാധിക്കുന്നതേയല്ല. ആ കാലഘട്ടത്തിൽ ജീവിക്കുവാൻ ഭാഗ്യം ലഭിച്ച ഒരു വിശ്വാസിയുടെ പ്രാർത്ഥനകൾക്കും, മതസേവനങ്ങൾക്കും ലഭ്യമായ അനുഗ്രഹങ്ങളുമായി അതിനുശേഷമുള്ള കാലഘട്ടങ്ങളിലെ വിശ്വാസികൾക്കു ലഭിച്ച അനുഗ്രഹങ്ങളെ താരതമ്യം ചെയ്യുവാനേ സാധ്യമല്ല. ഇതു സംബന്ധമായി തിരുനബി (സ) തന്നെ പറഞ്ഞിട്ടുള്ളത് ഇപ്രകാരമാണ് : ഈ കാലത്ത് ഒരു പിടി ബാർലിയായാലും ശരി അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിച്ചാൽ അതിന്റെ പ്രതിഫലം ഇനി പില്കാലത്ത് ഉഹ്ദ് മലയോളം അളവ് സ്വർണ്ണം അതേ മാർഗ്ഗത്തിൽ ചെലവഴിച്ചാലും ലഭിക്കുന്നതല്ല. ഇത് വിരൽ ചൂണ്ടുന്നത് സഹായം അത്യാവശ്യമായ ഘട്ടത്തിൽ ഒരു കടുകുമണിയോളം ആയാലും ശരി സഹായം ചെയ്യുകയാണെങ്കിൽ അതിനുലഭിക്കുന്ന പ്രതിഫലത്തോളം വരില്ല സഹായം ആവശ്യമില്ലാത്ത വേളയിൽ വലിയ അളവിൽ സഹായം ചെയ്യുമ്പോൾ ലഭിക്കുന്ന പ്രതിഫലം.

നമ്മുടെ തിരുനബി (സ)യുടെ കാലഘട്ടത്തിൽ, അങ്ങേയറ്റം ബദ്ധപ്പാടുകളും, കഷ്ടതകളും, വിപത്തുകളും ഇസ്‌ലാമിന് അഭിമുഖീകരിക്കേണ്ടി വന്ന അവസരങ്ങൾ അനവധിയായിരുന്നു. ഈ സാഹചര്യത്തിൽ ധനത്യാഗത്തിന്റെ ആവശ്യകത വിവരിക്കാനാകാത്തതായിരുന്നു. അത്തരം ത്യാഗങ്ങൾ ഇനിയുണ്ടാവില്ല എന്നല്ല ഞാൻ പറഞ്ഞുവരുന്നത്. മറിച്ച് അത്തരം ത്യാഗങ്ങൾ സഹിക്കേണ്ട സന്ദർഭങ്ങൾ ഉണ്ടായാൽ അവയെ ആഗോളജനതയ്ക്കായി അവതരിപ്പിക്കപ്പെട്ട അല്ലാഹുവിന്റെ പ്രവാചകനും ഉപമിക്കാൻ രണ്ടാമതൊരാൾ ഇല്ലാത്ത അത്ര ശ്രേഷ്ഠനുമായ തിരുനബി (സ)യുടെ കാലഘട്ടത്തിലെ ത്യാഗമനസ്കതയുടെ പ്രതീകങ്ങളായി മാത്രം കണക്കാക്കിയാൽ മതി എന്നത്രേ. അന്നത്തെ ആ സന്ദിഗ്ദ്ധ ഘട്ടത്തിൽ ഇസ്‌ലാമിനായി ധനം കൊണ്ടും ജീവിൻ കൊണ്ടും ത്യാഗം ചെയ്യുകയും അല്ലാഹുവിന്റെ മാർഗത്തിൽ നിന്നും അമികിടപോലും ചലിക്കാതിരിക്കുകയും ചെയ്ത വിശ്വാസികൾക്ക് ലഭിച്ച പ്രതിഫലം പില്കാലത്ത് ഇസ്‌ലാം ലോകത്ത് വിജയം പ്രാപിക്കുകയും മുസ്‌ലിംകൾക്ക് സാമ്പത്തിക സുരക്ഷ ഉണ്ടാവുകയും ചെയ്ത വേളയിൽ ചെയ്യുന്ന ത്യാഗങ്ങൾക്ക് ലഭിക്കുകയില്ല. എന്നാൽ എപ്പോഴൊക്കെ മുസ്‌ലിം നാമധാരികൾ മാത്രമായ ആളുകളാൽ ഇസ്‌ലാമിന്റെ പ്രതിച്ഛായയ്ക്ക് മങ്ങലേല്കുകയും ഇസ്‌ലാമിന്റെ ശത്രുക്കൾ, അല്ലാഹുവിന്റെ പാവനമതമായ ഇസ്‌ലാമിനെ ഈ ഭൂമുഖത്തു നിന്നും നിർമ്മാർജ്ജനം ചെയ്യുവാൻ ശ്രമിക്കുകയും ചെയ്യുന്നുവോ, അപ്പോഴൊക്കെ തിരുനബി (സ) യുടെ കാലഘട്ടത്തിന്റെ ഇസ്‌ലാമിന്റെ പ്രതിഛായ, അങ്ങനെ ഇസ്‌ലാമിന്റെ പ്രതാപൈശ്വര്യങ്ങൾ തിരികെ പിടിക്കുവാനായി പ്രകടമാവുകയും ചെയ്യുന്നു.

തിരുനബി (സ)യുടെ കാലഘട്ടത്തിൽ മലഖുകൾ ഭൂമിയിലേക്ക് ഇറങ്ങിയിരുന്നു. വിശുദ്ധ ഖുർആൻ അവതരിപ്പിക്കുന്നതിനും, വിശ്വാസികളുടെ ഹൃദയങ്ങളെ ആത്മീയജീവിതവുമായി ചേർത്തു നിർത്തുവാനും ആയിരുന്നു അത്. ഓരോ നിസ്വാർത്ഥപരമായ ത്യാഗത്തിനും, പ്രതിഫലമായി സഹായത്തിന്റെയും കരുതലിന്റെയും അടങ്ങാത്ത നീരുറവ തന്നെ ഒഴുകിക്കൊണ്ടിരുന്നു - മലഖുകൾ ഭൂമിയിലേക്ക് അവരോഹണം ചെയ്യുകയും, വിശ്വാസികളുടെ വിശ്വാസത്തെ ദൃഢപ്പെടുത്തുകയും, ഹൃദയങ്ങളെ ആത്മീയ ജീവിതത്തോടു ചേർത്തു പിടിക്കുകയും ചെയ്തുകൊണ്ടേയിരുന്നു. എല്ലാത്തരം പ്രതിസന്ധികൾക്കിടയിലും, ശാന്തിയുടെയും സമാധാനത്തിന്റെയും സന്ദേശം നിശ്ശബ്ദമായി ജനങ്ങളുടുടെ ഹൃദയങ്ങളിൽ സ്വാധീനം ചെലുത്തുകയും ക്രമേണ അവരുടെ മനസ്സുകളിൽ അടിഞ്ഞുകൂടിയിരുന്നു അവിശ്വാസമാകുന്ന കൂരിരുട്ടിനെ മായ്ച്ച് പകരം അവിടെ ദൈവീകമാർഗദർശനമാകുന്ന പ്രകാശത്തെ വ്യാപരിപ്പിക്കുകുയം ചെയ്തു. അങ്ങനെ ദൈവീക പ്രകാശത്തിന്റെ തേജസുറ്റ കിരണങ്ങളെ ലോകമാകമാനം പ്രസരിപ്പിക്കുകയും ചെയ്തു. അത്തരം സുവർണ്ണ ദിനങ്ങൾ ഇസ്‌ലാമിൽ ഇനിയുമുണ്ടാവുകയും, പൈശാചിക ശക്തികൾക്കും കൂട്ടാളികൾക്കും മേൽ അല്ലാ

ഹുവിന്റെ വിജയം ഉണ്ടാകുകയും ചെയ്യും. ഈ വിജയം നിശ്ചയമായും തിന്മയ്ക്കെതിരിലുള്ള നന്മയുടെ വിജയം ആയിരിക്കും.

കഴിഞ്ഞ ഖുതുബയിൽ വിശദമാക്കിയതുപോലെ 'ആയിരം മാസങ്ങൾ' എന്ന പ്രയോഗം ഗഹനമായ ഒരു അർത്ഥം ഉൾക്കൊള്ളുന്നു. ആയിരം മാസങ്ങൾ എന്നത് ഏകദേശം 83 വർഷങ്ങൾ ആണ്. പ്രവാചക തിരുമനസ്സ് (സ) നമ്മോട് അരുളിയിരിക്കുന്നത് ഓരോ നൂറ്റാണ്ടിന്റെ തലയ്ക്കലും ഒരു പരിഷ്കർത്താവ് (മുജുദ്ദിദ്) ഇസ്ലാം മത പുനരുദ്ധാരണത്തിനായി ഭൂമിയിൽ ആഗതനാവും എന്നാണ്. ഈ വരുന്ന ഓരോ മുജുദ്ദിദും വിശുദ്ധ പ്രാവചക (സ)ന്റെ വിശ്വാസത്തെ ജനങ്ങൾക്കിടയിൽ പുനരുജ്ജീവിപ്പിക്കാനായാണ് വരുന്നത് എന്നതിനാൽ തന്നെ അദ്ദേഹത്തിന്റെ കാലഘട്ടം പ്രവാചകന്റെ കാലഘട്ടത്തിന്റെ ഒരു പുനരാവിഷ്കാരവും ആ കാലഘട്ടവുമായി അങ്ങേയറ്റം ബന്ധം പുലർത്തുന്ന ഒന്നുമായിരിക്കും. മേൽസൂചിപ്പിച്ച 83 വർഷങ്ങൾ കൂടാതെ ഒരു നൂറ്റാണ്ട് പൂർത്തിയാക്കുവാൻ സഹായിക്കുന്ന 17 വർഷങ്ങൾ ആണ് ഉള്ളത്. ഈ 17 വർഷങ്ങൾക്ക്, അവശേഷിക്കുന്ന 83 വർഷങ്ങളേക്കാൾ മഹത്വമുണ്ട് മേന്മയുണ്ട്. ഇത് മറ്റു കാലഘട്ടങ്ങളെ അപേക്ഷിച്ച് പ്രാവചക(സ)ന്റെ കാലഘട്ടത്തിനുള്ള മേന്മ പോലെയാണ് മറ്റൊരു തരത്തിൽ പറഞ്ഞാൽ, ഒരു മുജുദ്ദിദിന്റെ കാലയളവ് ഏകദേശം 17 വർഷമായിരിക്കും. അവശേഷിക്കുന്ന 83 വർഷങ്ങളിൽ, മുൻകാലങ്ങളിലേതുപോലെ മുജുദ്ദിദിന്റെ സാന്നിധ്യം കാണുന്നതല്ല. **കഴിഞ്ഞ നൂറ്റാണ്ടിലെ മുജുദ്ദിദും വാഗ്ദത്ത മസീഹും ആയ ഹസ്രത്ത് അഹ്മദ് (അ)യും ഞാനും അല്ലാഹുവിൽ നിന്നുള്ള ഒരേ അനുഗ്രഹങ്ങൾക്ക് പാത്രമായവരും വെളിപാടുകൾ ലഭിച്ചവരും മുജുദ്ദിദുമാരും (താന്താങ്ങളുടെ കാലഘട്ടത്തിലെ പരിഷ്കർത്താക്കളും) ഖലീഫത്തുല്ലാഹ്മാരും (അല്ലാഹുവിന്റെ ഖലീഫമാരും) മുഹ്‌യ്ദ്ദീനും (വിശ്വാസത്തെ പുനരുജ്ജീവിപ്പിക്കുന്നവരും) മസീഹുമാരും ആണ് എന്നത് എത്ര മനോഹരമായ വസ്തുതകളാണ്.**

മുജുദ്ദിദിന്റെ ആഗമനം ഒരു തമാശക്കാര്യം അല്ലേയല്ല. മതസേവനം അനുപേക്ഷണീയമായ ഒരു കാലഘട്ടത്തിലാണ് അത് സംഭവിക്കുക. അതുകൊണ്ടുതന്നെ ഒരു മുജദ്ദിദിന്റെ ആഗമനകാലത്ത്, നാം ചെയ്യുന്ന സത്ക്കർമ്മങ്ങൾക്കും, ആരാധനകൾക്കും മറ്റുകാലയളവിൽ ലഭിക്കുന്നതിനേക്കാൾ കൂടുതൽ പ്രതിഫലം ലഭിക്കുന്നതാണ്. ഇതിനുള്ള പ്രധാനകാരണം ഇക്കാലയളവ്, ധനത്യാഗവും, ജീവത്യാഗവും ആവശ്യപ്പെടുന്നു എന്നതു തന്നെ 15-ാം നൂറ്റാണ്ടിലെ ഖലീഫത്തുല്ലാഹ്‌യുടെ പരിഷ്കർത്താവിന്റെ കാലഘട്ടമാണിത്. ഇസ്ലാമിന് പലവിധ അക്രമങ്ങളാലും, അപകടങ്ങളാലും വിപത്തുകളാലും മൂടപ്പെട്ടിരിക്കുകയാണ്. ഭൂമുഖത്തെമ്പാടും തെറ്റായ വിശ്വാസങ്ങളുടെയും, മതാന്ധതയുടെയും, തെറ്റായ മാർഗ്ഗദർശനങ്ങളുടെയും ആധിക്യം മാത്രമാണ് കാണുവാനുള്ളത്. മറ്റേതു മുജദ്ദിദുമാരുടെയും കാലഘട്ടത്തിലേതുപോലെ, ഇപ്പോഴും അല്ലാഹിവിന്റെ മലഖുകൾ അവനിൽ നിന്നുള്ള സന്ദേശങ്ങളും അറിയിപ്പുകളുമായി അനുസ്യൂതം ഇറങ്ങിക്കൊണ്ടിരിക്കുന്നു. അതുപോലെ തന്നെയാണ് വി. ഖുർആന്റെ ഗഹനമായ അറിവുകളെക്കുറിച്ചും, സത്യങ്ങളെക്കുറിച്ചുള്ള വെളിപ്പെടുത്തലുകളുമായുള്ള വെളിപാടുകളുടെ കാര്യവും. പുണ്യപ്രവാചകനായ മുഹമ്മദ് മുസ്തഫാ (സ)യുടെ ലോകപ്രവാചകത്വപദവിയാകുന്ന കവചത്താൽ ആശ്ലേഷതനായാണ് അദ്ദേഹം ലോകത്തിലെ ഓരോ ആത്മാവിനും ഇസ്ലാമിക സുവിശേഷം അറിയിക്കാനായി ആഗതനായിരിക്കുന്നത്. ഈ നൂറ്റാണ്ടിൽ ജീവിച്ചിരിക്കുന്ന എല്ലാവർക്കുമായി വന്നിരിക്കുന്ന അനുഗ്രഹിക്കപ്പെട്ട ഒരു പ്രതീകം.

കൂടാതെ, ഏറ്റവും പ്രാധാന്യമർഹിക്കുന്ന വസ്തുത, ഈ കാലയളവിൽ നടത്തപ്പെടുന്ന ആത്മീയ സേവനങ്ങൾക്കും, ത്യാഗങ്ങൾക്കും ലഭിക്കുന്ന അനുഗ്രഹങ്ങൾ ഇനി വരുംകാലങ്ങളിൽ നേർമാർഗ്ഗദർശനമില്ലായ്മ ആകുന്ന അന്ധകാരത്താൽ ദൂഷിതമായ കാലത്ത്, ലഭിക്കുന്ന അനുഗ്രഹങ്ങളേക്കാൾ ഔന്നത്യമേറിയതായിരിക്കും. (വരുംകാലം എന്നതുകൊണ്ട് അർത്ഥമാക്കിയത് ഇസ്ലാം അതിന്റെ ഔന്നത്യത്തിലായിരിക്കുമെങ്കിലും, അത് ഇസ്ലാമിക വിശ്വാസികളായ ആൾക്കാരാൽ തന്നെ ചൂഷണം ചെയ്യപ്പെടുകയും പേരു മാത്രം അവശേഷിക്കുകയും ചെയ്യുന്ന വേള എന്നത്രേ.) അങ്ങനെയുള്ള വേളയിൽ വീണ്ടുമൊരു ദൈവീക ദൂതന്റെ എഴുന്നേല്പ് - ആഗമനം - ഉണ്ടാവുകയും, ഇസ്ലാമിക സൂര്യൻപടിഞ്ഞാറ് നിന്ന് ഉദിച്ചുയർന്ന്, തന്റെ കിരണകന്ദളങ്ങൾ കൊണ്ട് ലോകർക്കാകമാനം പ്രകാശം പകർന്നു നല്കുകയും ചെയ്യും. ആയതിനാൽ എല്ലാം മുസ്ലിംകളും എല്ലാ സത്യാന്വേഷികളും, എല്ലാ അവിശ്വാസികളും (ഇപ്പോൾ അവിശ്വാസത്തിന്റെ പിടിയിലെങ്കിലും, വിശ്വാസ പാതയിലെത്തിക്കഴിഞ്ഞാൽ അവർ) എല്ലാവരും മനസ്സിൽ കരുതിവെക്കേണ്ട വസ്തുത ഇതാണ്. ഞാനിവിടെ താരതമ്യം ചെയ്യുന്നത് ദൈവീക തേജസ്സിന്റെ ആവിഷ്കാരമനുഭവപ്പെട്ട ഒരു സുവർണ്ണയുഗവുമായ, അങ്ങനെയൊരു ദൈവീക തേജസ്സിന്റെ പ്രഭാവം അനുഭവപ്പെടാത്ത ഒരു കാലഘട്ടവുമായി (ഈ കാലഘട്ടത്തിൽ ഇസ്ലാമിനെ നിലനിർത്തുന്നതും നിയന്ത്രിക്കുന്നതും അതിന്റെ തലപ്പത്തിരിക്കുന്ന അധികാരികളായിരിക്കും) ആണ്. എന്റെ ആഗമനശേഷമുള്ള കാലത്തെ സഹീഹുൽ

ഇസ്ലാമിലെ അംഗങ്ങളോടുള്ള എന്റെ അഭ്യർത്ഥന ഇത്രമാത്രമാണ് അവർക്ക് ഈ വിനീതദാസനിലൂടെ അല്ലാഹുവിനാൽ നല്കപെട്ട അനുഗ്രഹങ്ങളേയും പദവികളേയും ഒരു കാരണവശാലും ദുരുപയോഗം ചെയ്യരുത്. പകരം, അവരെല്ലാവരും കൂടി ഒറ്റക്കെട്ടായി, ഒറ്റശരീരമായി നിന്നുകൊണ്ട് വി. ഖുർ.ആനിലൂടെ അല്ലാഹു പറഞ്ഞിരിക്കുന്ന ഒരൊറ്റ മാനവ സമൂഹം സൃഷ്ടിക്കുവാനായി പരിശ്രമിക്കേണ്ടതും കഠിനമായി പ്രയത്നിക്കേണ്ടതുമാണ്. മറിച്ച് അവർ ഈ ദൈവീക ആജ്ഞകളെ കാറ്റിൽ പറത്തി, തങ്ങളുടെ മുൻഗാമികളെതുപോലെ സൗകര്യങ്ങളിൽ ആമഗ്നരായി മാറുകയാണെങ്കൽ, അല്ലാഹു അവർക്കിടയിൽ വീണ്ടും ഒരു പരിഷ്കർത്താവിനെ എഴുന്നേല്പിക്കുന്നതാണ്. ഇങ്ങനെ പരിഷ്കർത്താവിനെ - ദൂതനെ - മാർഗദർശിയെ എഴുന്നേല്പിക്കുന്നത് ശരിയായ ഇസ്ലാമിലേക്ക് അവരെ തിരികെ കൊണ്ടുവരുവാനാണ്. അങ്ങനെ വരുന്നയാൾ എന്റെ ഒരു അനുയായി ആയിരിക്കും. അദ്ദേഹത്തെ എഴുന്നേല്പിക്കുന്നത് ഇസ്ലാമിന്റെ പ്രഭാവത്തെ അതിന്റെ പരമോന്നതിയലേക്ക് എത്തിക്കുന്നതിനുമായിരിക്കും. അതായത്, ജമാ അത്തുൽ സഹീഹുൽ ഇസ്ലാം - ശരിയായ ഇസ്ലാം - അദ്ദേഹത്തിന്റെ ആഗമനത്തിലൂടെ, നിലനില്ക്കുന്നത് തുടർന്നുകൊണ്ടേയിരിക്കും. ഒരു പക്ഷെ, ജമാഅത്തിന്റെ പേരുമാറിയെന്നിരിക്കും, പക്ഷെ അതിന്റെ പിന്നിലെ ലക്ഷ്യത്തിന് ഒരു മാറ്റവും കാണുന്നതല്ല. ഇസ്ലാം അല്ലാഹുവിന്റെ മതമാണ്. അതൊരു ചങ്ങലയായി, ഒന്ന് മറ്റേതിനെ ശരി വച്ചുകൊണ്ട് തുടരുന്നതായിരിക്കും. അതെങ്ങനെയെന്നു വച്ചാൽ, തിരുനബി (സ) തനിക്കുമുൻപ് അവതരിപ്പിക്കപ്പെട്ട ഹസ്രത്ത് ഈസാ (അ) നേയും അതിനുമുൻപ് അവതരിപ്പിക്കപ്പെട്ട മറ്റെല്ലാ പ്രവാചകരെയും സ്ഥിരീകരിച്ചതുപോലെ; വാഗ്ദത്ത മസീഹ് ഹസ്രത്ത് മിർസാഗുലാം അഹ്മദ് (റ) തിരുനബി (സ)യുടെ പ്രവാചകത്വത്തെ സ്ഥിരീകരിച്ചുകൊണ്ട് - ഉറപ്പിച്ചുകൊണ്ട് - വന്നതുപോലെ; ഈ വിനീതൻ ഹസ്രത്ത് മുഹമ്മദ് (സ)യ്ക്കു മുമ്പുവന്ന എല്ലാ പ്രവാചകരെയും, ഹസ്രത്ത് മുഹമ്മദ് (സ)യെയും, വാഗ്ദത്ത മസീഹിനെയും, അല്ലാഹു അദ്ദേഹത്തിന് വാഗ്ദാനം ചെയ്ത വാഗ്ദത്തപുത്രനും പരിഷ്കർത്താവും ആയ ഹസ്രത്ത് മിർസാ ബഷീറുദ്ദീൻ മുഹ്മൂദ് അഹ്മദ് (അ)നെയും സ്ഥിരീകരിച്ചുകൊണ്ട് വന്നതുപോലെ.

ചുരുക്കിപ്പറഞ്ഞാൽ, തിരുനബ(സ) പറഞ്ഞതുപോലെ അല്ലാഹുവിന്റെ മുന്നിലെ ആത്മാർത്ഥതയോടെയുള്ള ഒരു സുജൂദ് (അല്ലാഹുവിന്റെ സന്നിധിയിലെ സാഷ്ടാംഗം) വർഷങ്ങളോളം നമസ്കരിക്കുന്നതിനേക്കാൾ പ്രതിഫലം ഉള്ളതത്രെ) ഈ കാലഘട്ടത്തിലെ ലൈലത്തുൽ ഖദ്റിന്റെ അനുഗ്രഹങ്ങൾ മറ്റേതു കാലഘട്ടത്തിലെയും ലൈലത്തുൽ ഖദ്റിനേക്കാൾ ശ്രേഷ്ഠതരമത്രെ.

ദൈവമില്ലാത്ത - അവസ്ഥ - നാസ്തികത - നിലനില്ക്കുന്ന ഇന്ന്, ലോകത്തിനു മുന്നിൽ ഇസ്ലാമിനെ മുൻ നിർത്തുകയും, പ്രതിസന്ധി ഘട്ടങ്ങളിൽ ഇസ്ലാമിനായി, ധനത്യാഗവും ജീവത്യാഗവും ചെയ്യുവാൻ സന്നദ്ധത കാട്ടുകയും, അല്ലാഹുവിനെ ആരാധിക്കുന്നതിൽ മാത്രം ശ്രദ്ധപതിപ്പിക്കുകയും ചെയ്യുന്ന ഏതൊരു ഭക്തദാസനും ലഭിക്കുന്ന പ്രതിഫലം, ഇസ്ലാമികോന്നമനത്തിനായി ത്യാഗങ്ങളുടെ ആവശ്യകത നിലവിലില്ലാത്ത അല്ലാഹുവിന്റെ ഏകത്വവും, അവനെക്കുറിച്ചുള്ള ശരിയായ അറിവും ലോകമെങ്ങും പരിലസിക്കുന്ന ഒരു വേളയിൽ, അന്നത്തെ വിശ്വാസിക്ക് ലഭിക്കുന്നതിനേക്കാൾ പതിന്മടങ്ങ് കൂടുതലായിരിക്കും. ഇൻശാ അല്ലാഹ്. ആമീൻ.

| | |
|---|---|
| **Issued by** | **Translated by** |
| R. Jamaludin Raother<br>Amir | Fauzia Jamal |

Jamaat-Ul-Sahih-Al-Islam, Kerala. Reg. No. A693 Ph: 9447001832, 0475 2220223
Email: jamal.raother@gmail.com, Web: www.jamaat-ul-sahih-al-islam.com